# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1513.

12-06-2019 ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; | (എ) | സാധിച്ചിട്ടുണ്ട്.<br><br>പദ്ധതിയിൽ സംസ്ഥാനത്ത് 31/05/2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് അന്തിമ തീയ്യതി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര കർഷകർക്ക് ഇതിനകം ആനുകൂല്യം ലഭിച്ചു; | (ബി) | ലോക സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10/03/2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (സി) | ഇതിലേക്ക് കർഷകരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്; അതിനുള്ള മാനദണ്ഡം എന്തായിരുന്നു; വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000/- രൂപ നാല് മാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നൽകുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 01-02-2019 ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള 2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് |

സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട്. (കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.) അതോടൊപ്പം വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന്, നിശ്ചിത അപേക്ഷാ ഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും, കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും, ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്.

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

(1) സ്ഥാപങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders).

(2) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല;

(i) ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.

(ii) നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.

(iii) കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും, തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും. (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള ).

(iv) കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും നിന്ന് വിരമിച്ച് പ്രതിമാസം

| | | | |
|---|---|---|---|
| | | | 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള ).<br>(v) അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ.<br>(vi) പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷനൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്). |

**സെക്ഷൻ ഓഫീസർ**